മാതൃഭൂമി
12 January 2017



തീര നൈപുണ്യ പരിശീലന പരിപാടിയിൽ പങ്കെടുത്തവർ

# തീര നൈപുണ്യ പദ്ധതി സമാപിച്ചു

**കൊച്ചി:** മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ തിരഞ്ഞെടുത്ത വനിതകൾക്ക് സാമൂഹിക, സാമ്പത്തിക ശാക്തീകരണത്തിന് വഴിയൊരുക്കുന്ന തീര നൈപുണ്യ പരിശീലന പദ്ധതി സമാപിച്ചു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) നേതൃത്വത്തിൽ സംഘടിപ്പിച്ച രണ്ട് മാസത്തെ പരിശീലനത്തിൽ 28 പേരാണ് പങ്കെടുത്തത്.

പങ്കാളികൾക്ക് ജീവിതത്തിന്റെ വിവിധ മേഖലകളിലായി പല വിഷയങ്ങളിൽ വിദഗ്ധപരിശീലനങ്ങൾ നൽകുന്നതായിരുന്നു പരിപാടി.

മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘത്തിന്റെ (സാഫ്) സഹകരണത്തോടെയായിരുന്നു പരിശീലനം. പങ്കെടുത്തവരിൽ നിന്ന് മികച്ച അംഗമായി സൗമ്യ എം.എസിനെ തിരഞ്ഞെടുത്തു.

ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, തീര നൈപുണ്യ പദ്ധതി കോഴ്സ് ഡയറക്ടർ ഡോ. ശ്യാം എസ്. സലീം തുടങ്ങിയവർ സംസാരിച്ചു.